(സി) ഈ ഫാക്ടറി പ്രതിദിനം 300 മെട്രിക് ടൺ കാലിത്തീറ്റ ഉൽപാദിപ്പിക്കാൻ ശേഷിയുള്ളതാണ്. പ്രസ്തുത ഫാക്ടറിയുടെ ഉൽഘാടനം 2011 ഫെബ്രുവരി 15-ാം തീയതി നടന്നു കഴിഞ്ഞു.

(ഡി) കാലിത്തീറ്റ ഉല്പാദനത്തിനാവശ്യമായ ഗുണനിലവാരമുള്ള അസംസ്കൃത പദാർത്ഥങ്ങൾ ലാഭകരമായ രീതിയിൽ ലഭിക്കുന്നതിനും വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) തീറ്റപ്പുൽകൃഷിയുടെ വ്യാപനം കാര്യക്ഷമമാക്കാൻ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളിൽ ലഭ്യമായ സ്ഥലത്ത് തീറ്റപ്പുൽകൃഷി ഊർജ്ജിതപ്പെടുത്തുന്നതിനും ഫോഡർ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും അസോള കൃഷി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ കേന്ദ്രസർക്കാർ സഹായത്തോടെ തീറ്റപ്പുൽ കൃഷിക്കാവശ്യമായ വിത്തുകൾ കർഷകർക്ക് സൗജന്യമായി നൽകിവരുന്ന പദ്ധതിയായ ഫോഡർ മിനികിറ്റ് ഡെമോൺസ്ട്രേഷൻ പ്രോഗ്രാം എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. 2009-10 കാലയളവിൽ കേന്ദ്രഗവൺമെന്റിൽ നിന്നും സൗജന്യമായി ലഭിച്ച 40500 കിലോ തീറ്റപ്പുൽ വിത്ത് മൂന്ന് മേഖലാ യൂണിയനുകളിലും ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരം ജില്ലയിലുമായി ആവശ്യാനുസരണം സംഘങ്ങളിലെ കർഷകർക്ക് നൽകുകയുണ്ടായി. ഇതിൽ കൂടുതലും ചോളം, മക്കച്ചോളം, സർഗ്ഗം, കൊങ്കോസിഗ്നൽ എന്നീ തീറ്റപ്പുൽ വിത്തുകളായിരുന്നു. തിരുവനന്തപുരം മേഖലായൂണിയൻ-3800 കിലോ എറണാകുളം മേഖലായൂണിയൻ-6000 കിലോ, മലബാർ മേഖലായൂണിയൻ-15040 കിലോ ക്ഷീരവികസന വകുപ്പ് തിരുവനന്തപുരം -5760 കിലോ

(എഫ്) മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളിൽ ആകെ ലഭ്യമായ 63.32 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടപ്പിലാക്കി വരുന്നുണ്ട്. ഇതുകൂടാതെ മലബാർ മേഖലയിൽ 352.28 ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്യുകയുണ്ടായി ക്ഷീരവികസന വകുപ്പു മുഖേന 10.78 കോടി രൂപ ചെലവിൽ 12039 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ വ്യാപിപ്പിക്കാനും അതുവഴി 18 ലക്ഷം മെട്രിക്ക് ടൺ തീറ്റപ്പുൽ അധികമായി ഉല്പാദിപ്പിക്കുവാനും കഴിഞ്ഞു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ

19(*169) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. റ്റി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ വരുമ്പോൾ ദുരിതാശ്വാസനിധിയിൽ എത്ര തുക നീക്കിയിരുപ്പുണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ വന്നശേഷം പ്രസ്തുത നിധിയിലേക്ക് എത്ര രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട് ; ഇതിൽ സർക്കാരിന്റെ വിഹിതം എത്രയാണ്;

(ഡി) ഇതിനകം എത്ര കോടി രൂപ ദുരിതബാധിതർക്കായി വിതരണം ചെയ്തു; ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് തുക അനുവദിച്ചത്;

(ഇ) ദുരിതാശ്വാസ ധനസഹായ വിതരണത്തെപ്പറ്റി പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനും ആശ്വാസധനം ദുരിതബാധിതർക്ക് എത്രയുംവേഗം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) മുഖ്യമന്ത്രിയുടെ ദുരിദാശ്വാസ നിധിയിൽ നിന്നും രോഗപീഡ അനുഭവിക്കുന്നവർക്കും അപകടത്തിൽ പരിക്കേറ്റവർക്കും അപകടത്തിൽ മരണ മടഞ്ഞവരുടെ ആശ്രിതർക്കുമാണ് ധനസഹായം അനുവദിക്കുന്നത്. ടി ഫണ്ട് വിപുലപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ നൽകുന്നതിന് മാധ്യമങ്ങൾ വഴി ആവശ്യപ്പെട്ടതും ജില്ലാ കളക്ടറേറ്റിലും താലൂക്കുകളിലും വില്ലേജുകളിലും മറ്റും നോട്ടീസ് ബോർഡ് സ്ഥാപിച്ചതും രാജ്യത്തിന് അകത്തും പുറത്തും സംഭവിച്ച പല ദുരന്തങ്ങളിലുംപെട്ട് കഷ്ടത അനുഭവിക്കുന്ന സാധാരണ ജനങ്ങൾക്ക് ധനസഹായം നൽകിയതും മറ്റും ഇതിന്റെ ഭാഗമായിട്ടാണ്. കൂടാതെ കഴിഞ്ഞ അഞ്ച് വർഷമായി ജീവിതത്തിന്റെ നാനാ തുറകളിലുമുള്ളവർക്ക് ടി ഫണ്ടിൽ നിന്നും ധനസഹായം വിതരണം ചെയ്യുന്നതും ഇതിന്റെ ഭാഗമായിട്ടാണ്.

(ബി) ഈ സർക്കാർ വരുമ്പോൾ ദുരിതാശ്വാസനിധിയിൽ 4,40,85,443 രൂപ (നാലുകോടി നാൽപ്പതുലക്ഷത്തി എൺപത്തി അയ്യായിരത്തി നാനൂറ്റി നാല്പത്തി മൂന്ന് രൂപ) നീക്കിയിരിപ്പുണ്ടായിരുന്നു.

(സി) ഈ സർക്കാർ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 10-2-2011 വരെ ആകെ 105,57,13,977 രൂപ (നൂറ്റി അഞ്ചു കോടി അൻപത്തിയേഴ് ലക്ഷത്തി പതിമൂന്നായിരത്തി തൊള്ളായിരത്തി എഴുപത്തിയേഴ് രൂപ) സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഇതിൽ 90,43,19,000 രൂപ (തൊണ്ണൂറുകോടി നാല്പത്തിമൂന്നു ലക്ഷത്തി പതിനായിരം രൂപ) സർക്കാർ സംഭാവനയാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 10-2-2011 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 115.28 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട് .

LIBRARY ARCHIVES Kerala Legislative Assembly

വാർഷിക വരുമാനം ഇരുപതിനായിരം രൂപയിൽ കുറവുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗം ബാധിച്ചവർ അപകടങ്ങളിൽ പരിക്ക് പറ്റിയവർ അപകടങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർ, തീ പിടുത്തത്തിൽ വസ്തുവകകൾ നശിച്ചവർ, ദുരിതം അനുഭവിക്കുന്നവർക്ക് സൗജന്യ റേഷൻ നൽകൽ തുടങ്ങിയ വിഭാഗങ്ങൾക്കാണ് മുഖ്യമന്ത്രിയുടെ ദുരിദാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചത്.

(ഇ) മുഖ്യമന്ത്രിയുടെ ദുരിദാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ മൂന്ന് ആഴ്ചയ്ക്കകം താലൂക്കാഫീസുകൾ വഴി ധനസഹായം അപേക്ഷകന് ലഭിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഫണ്ടിന്റെ അഭാവമോ പണം കൈപ്പറ്റുമ്പോൾ ഹാജരാക്കേണ്ട കൃത്യമായ തിരിച്ചറിയൽ രേഖ ഇല്ലാത്തതും മറ്റുമാണ് അനുവദിച്ച ധനസഹായം ലഭിക്കുവാൻ ചിലപ്പോൾ വൈകുന്നത്. ഇത്തരം കുറവുകൾ പരിഹരിക്കാൻ സെക്രട്ടേറിയറ്റിൽ നിന്നും കളക്ട്രേറ്റിൽ നിന്നും വർഷത്തിൽ രണ്ടു തവണ പരിശോധനകൾ നടത്തി പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്.

തലസ്ഥാന നഗരത്തിന്റെ സമഗ്രവികസനം

20(*170) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരത്തിന്റെ സമഗ്രവികസനത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) തലസ്ഥാന നഗരത്തിന്റെയും തിരുവനന്തപുരം ജില്ലയുടേയും വികസനം സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകാനായി ചുമതലപ്പെടുത്തിയിരുന്ന കാബിനറ്റ് സബ്കമ്മിറ്റി ഇക്കാര്യത്തിൽ എന്തൊക്കെ ശിപാർശകളാണ് നൽകിയിട്ടുള്ളത് ;

(സി) ജില്ലയുടെ സമഗ്രവികസനം സാക്ഷാത്ക്കരിക്കുന്നതിനായി വിവിധ പദ്ധതികൾക്കാവശ്യമായി വരുന്ന സ്ഥലം ലഭ്യമാക്കാൻ ജില്ലയിൽ ഒരു ലാൻഡ് ബാങ്ക് രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇതുവരെ ഇതിനായി എന്തു നടപടി സ്വീകരിച്ചു ;

(ഡി) തലസ്ഥാന ജില്ലയുടെ വികസനത്തിന്റെ ഭാഗമായി ഏതൊക്കെ പദ്ധതികളാണ് സമയബന്ധിതമായി നടപ്പിലാക്കാൻ മുൻഗണന നൽകുന്നത് എന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) തലസ്ഥാന നഗര വികസനത്തിന്റെ ഭാഗമായി നടക്കുന്ന വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് കാബിനറ്റ് സബ് കമ്മിറ്റി നിശ്ചിത ഇടവേളകളിൽ യോഗം ചേരുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly